


# തുറന്നിട്ട ജാലകം

പാലോറ
ഹയർ സെക്കണ്ടറി സ്കൂൾ
ലിറ്റിൽ കൈറ്റ് മാഗസിൻ



# കഥകളുടെയും
# കവിതകളുടെയും
# നിരൂപണങ്ങളുടെയും
# കുഞ്ഞെഴുത്തുകൾ

little KITEs


## പാലോറ

ഹയർ സെക്കണ്ടറി സ്കൂൾ,
ഉള്ളിയേരി

# ചലനം

ശ്വാസകോശം
ജ്ജീവവായുവിനായി
നെടുവീർപ്പിടുമ്പോൾ
നിലനിൽപ്പ്
ഓർമ്മപ്പെടുത്തലാവുന്നു
പുകഞ്ഞുപുറത്തുചാടിയ
വൈറസ് കുഞ്ഞുങ്ങൾ
മനുഷ്യനെ ന്യൂട്ടന്റെ
മൂന്നാം ചലന നിയമം
ഓർമ്മപ്പെടുത്തി
അദ്ധ്യായങ്ങൾ
അവസാനിക്കാറായി
പ്രതിപ്രവർത്തനം
ആരംഭിക്കാനും





# പച്ചപ്പ്

## ഭൂമി അമ്മയാണ്, സർവ്വം സഹയാണ്, അപരാജിതയാണ്.

വിവിധ ജീവജാലങ്ങളെ പരസ്പരം കണ്ണി ചേർക്കുന്ന ഭൂമി. മാതൃത്വത്തിന്റെ മഹാ ശക്തിയാണത്. പരിസ്ഥിതി എന്നാൽ എന്താണ് ? അത് ഭൗതിക പ്രപഞ്ചത്തെ മൊത്തത്തിൽ സൂചിപ്പിക്കുന്നതാണ്. “നിനക്ക് വേണ്ടതെല്ലാം നിന്നിലും നിനക്ക് ചുറ്റിലും ഈശ്വരൻ തന്നിട്ടുണ്ട്.” എന്ന മഹാത്മജിയുടെ വചനത്തിൽ "ചുറ്റിലും” എന്ന് പ്രതിപാദിച്ചത് പരിസ്ഥിതിയെയാണ്. ജീവീയവും അജീവീയവുമായതെല്ലാം അതിൽ ഉൾപ്പെടുന്നു. പരിസ്ഥിതിയെന്ന വാക്കിൽ തന്നെ പച്ചപ്പിന്റെ വശ്യമായ സൗന്ദര്യമുണ്ട്. സഹോദര ഗ്രഹങ്ങളിൽ നിന്നും ഭൂമിയെ വ്യത്യസ്തനാക്കുന്നത് അവനിൽ ജീവന്റെ തുടിപ്പുണ്ടെന്നതാണ്. പൂക്കൾ , പുഴകൾ, വനങ്ങൾ അങ്ങനെ സകലതും പ്രകൃതി കനിഞ്ഞരുളിയ വരങ്ങൾ തന്നെ. ഈ വരങ്ങൾ മറ്റൊരിടത്തു നിന്നും നേടാനാവുന്നതല്ല.

“ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്നമൃതിയിൽ
നിനക്കാത്മ ശാന്തി
ഇതു നിന്റെ എന്റെയും
ചരമ ശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം”

മഹാനായ കവി ഒ.എൻ.വി., പ്രകൃതിയെ ചൂഷണം ചെയ്യുന്നത് കണ്ട് മനം നൊന്താണ് ഇങ്ങനെപാടിയത്. വിവേക രഹിതമായ മനുഷ്യന്റെ ഇടപെടൽ മൂലം പ്രകൃതി നശിച്ചു കൊണ്ടിരിക്കുന്നു. മുൻപിൻ നോക്കാതെയുള്ള ലാഭേച്ഛയാണ് ഈ ചൂഷണങ്ങൾക്കെല്ലാം പിന്നിൽ. കുന്നിടിക്കലും, പുഴ നികത്തലും, മണൽവാരലും അങ്ങനെ നീണ്ട് പോകുന്നു മനുഷ്യന്റെ ക്രൂര ചെയ്തികൾ. ഈ ഭൂമി ആർക്കാണ് സ്വന്തം? ഉറപ്പായും മനുഷ്യന് മാത്രമല്ല, എല്ലാ ജീവജാലങ്ങൾക്കും സ്വന്തമാണ്. എന്നാൽ നമ്മൾ മനുഷ്യർ മറ്റു ജീവജാലങ്ങളെ അവയുടെ വാസസ്ഥാനത്തു നിന്ന് അകറ്റിയും കൊന്ന് തിന്നും സന്തോഷിച്ചു. മനുഷ്യൻ ഭൂമിയിൽ സ്വതന്ത്രനായി വാണിരുന്ന കാലത്ത് ജീവിക്കാൻ വഴിമുട്ടിയ മറ്റു ജീവജാലങ്ങൾ – എന്നാലിന്ന് കൊറോണ കാലത്ത് സകലതും ഒരുമയോടെ സുഖമായി ജീവിക്കുന്നത് കാണുമ്പോൾ, ഒരു പക്ഷേ കൊറോണ വന്നത് ഈ ഒരുമയ്ക്ക് വേണ്ടിയാണോ എന്ന തോന്നലുണ്ടാക്കുന്നു.

നിരത്തിലൂടെ വാഹനങ്ങൾ ചീറിപ്പായുന്നത് നിർത്തിയതോടെ അന്തരീക്ഷത്തിലെ പൊടിയുടെയും, വിഷ വാതകങ്ങളുടെയും അളവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വള്ളിപ്പടർപ്പുകളും, പൂക്കളും, പൂമ്പാറ്റകളും സന്തോഷിക്കുന്നു. മനുഷ്യ സ്പർശമേൽക്കാത്തതിനാൽ കുളങ്ങളിലെയും പുഴകളിലേയും ജലം തെളിയുന്നു. ജീവ വായുവില്ലാതെ ഒരു നിമിഷം പോലും നമുക്ക് നിലനിൽക്കാൻ കഴിയില്ല, ഇക്കാര്യമറിഞ്ഞു കൊണ്ടു തന്നെ നാം വായു മലിനീകരണത്തിന് ആക്കം കൂട്ടുന്നു.

പേരാമ്പ്രയിലെ അമ്മ വീടിന് പിറകിലായൊരു തോട് ഒഴുകിയിരുന്നു. സുന്ദരിയായിരുന്ന അവളിലെ വെള്ളം കുടിക്കാൻ പാകത്തിൽ തെളിഞ്ഞതായിരുന്നത്രേ! ധാരാളം മീനുകളുടെ ആവാസ കേന്ദ്രമായിരുന്ന, ഒട്ടേറെ മനുഷ്യരുടെ ആശ്രയമായിരുന്ന പ്രകൃതി



ദത്തമായ 'മരക്കാടി'യെന്ന ആ തോട് ചേനായിക്കടുത്ത് കുറ്റ്യാടി പുഴയിൽ ചേർന്ന് അറബിക്കടലിലേക്കൊഴുകിയ പൂർവ്വ ചരിത്രം അമ്മമ്മയിൽ നിന്നാണ് ഞാൻ അറിഞ്ഞത്. ഞാൻ അവളിൽ കണ്ടത് കറുത്ത് ദുർഗന്ധം വമിക്കുന്ന ജലത്തെയാണ്. പേരാമ്പ്രയെന്ന നഗരം അവൾക്ക് സമ്മാനിച്ച പുതിയ മുഖം. സകലതും അവളുടെ മാറിലേക്ക് വലിച്ചെറിയപ്പെട്ടു. ആരു കണ്ടാലും അറപ്പും വെറുപ്പും തോന്നിക്കുന്ന ഇരുളിടമായവൾ മാറി.

"അംബ പേരാറേ നീ മാറിപ്പോയോ
ആകുലയായൊരഴുക്കു ചാലായ്"

എന്ന് വേദനയോടെ പാടിയ കവിയുടെ മുഖമെനിക്കോർമ്മ വന്നു. അധികാരികൾ പല വീര വാദങ്ങൾ പലപ്പോഴായി മുഴക്കിയെങ്കിലും മരക്കാടി യുടെ ജീവരക്ഷയ്ക്കായി ആരും ശ്രമിച്ചില്ലെന്നതാണ് യാഥാർത്ഥ്യം. വെള്ളം പൂർണ്ണമായും അഴുക്കായതിനാൽ കൊറ്റികൾ പോലും എത്തിനോക്കാതായി. അലക്കാനും, കുളിക്കാനുമെല്ലാം ഉപയോഗിച്ചിരുന്ന വെള്ളം ഇന്ന് തികച്ചും ഉപയോഗ ശൂന്യമാണ്. പരൽ മീനുകളുടെ തുടിപ്പുകളില്ലാതെ, നെറ്റിപ്പൊട്ടൻമാരുടെ മിന്നലാട്ടമില്ലാതെ മൂകയായ് മുഖം കുനിച്ചവളൊഴുകുന്നു. എല്ലാം വെട്ടിപ്പിടിക്കാനുള്ള മനുഷ്യന്റെ വ്യഗ്രതയുടെ നേർച്ചിത്രമായി.

പ്രളയശേഷം കേരളത്തിലെ ജലാശയങ്ങളിൽ വൻതോതിൽ മാലിന്യങ്ങൾ അടിഞ്ഞ് കൂടിയിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. ചുറ്റിലും വയലുള്ള എന്റെ അമ്മവീടും വെള്ളത്തിൽ മുങ്ങിയിരുന്നു. ചുറ്റോട് ചുറ്റും വെള്ളം. പണ്ടൊക്കെ വെള്ളത്തിന്റെ ഏറ്റം അറിയാനായി അമ്മമ്മ അലുമിനിയം പാത്രം വെള്ളത്തിലിടുകയും അതിന്റെ ചലനം ആധാരമാക്കി വീട്ട് സാധനങ്ങൾ ഉയരത്തിലേക്കെടുത്ത് വച്ചിരുന്നതുമെല്ലാം അമ്മ പറഞ്ഞറിഞ്ഞിരുന്നു. ഇക്കഴിഞ്ഞ പ്രളയത്തിൽ വീടുകളിലും മറ്റ് പൊതു ഇടങ്ങളിലും അടിഞ്ഞ് കൂടിയ അഴുക്കുകളെല്ലാം ജലാശയങ്ങളിൽ തള്ളുന്നത് റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. സംരക്ഷണ മേഖലകളിൽ പോലും പ്ലാസ്റ്റിക്കുൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനുള്ള പ്രവണത നമ്മിലേറി വരുന്നത് ലജ്ജാവഹമാണ്. വരാനിരിക്കുന്ന വിപത്തുകളെ മുൻകൂട്ടിയറിഞ്ഞ് പ്രതിരോധിച്ചില്ലെങ്കിൽ മാരകമായ തിരിച്ചടി നേരിടേണ്ടി വരുമെന്ന കാര്യത്തിൽ തർക്കമില്ല.

പ്രകൃതിയുടെ ജീവനാഡികളായ നദികളെ ഇല്ലാതാക്കുന്ന പ്രവണത നിർബാധം മനുഷ്യർ തുടരുകയാണ്. ഇതുവരെ ഉണ്ടായ ദുരന്തങ്ങളൊന്നും നമ്മുടെ പരിസ്ഥിതി ബോധത്തെ ഉണർത്തിയിട്ടില്ല. ഇപ്പോഴിതാ ലോകം ഒരു പുതിയ പരീക്ഷണത്തെ നേരിട്ടു കൊണ്ടിരിക്കുന്നു. കോവ്ഡ് 19 വൈറസിന് മുന്നിൽ മനുഷ്യരാശി എന്നത്തേക്കാളും വിറങ്ങലിച്ച് നിൽക്കുന്നു. പ്രകൃതി നിയമങ്ങളെ കാറ്റിൽ പറത്തിയുള്ള മനുഷ്യന്റെ യാത്രയിലെ വിലങ്ങു തടിയായി 'കൊറോണ' യെന്ന അതിമാരക വിപത്ത്. ഇതെങ്കിലും ഒരു പാഠമായിരുന്നെങ്കിൽ ?.....

പ്രദർശന പരതയ്ക്ക് പ്രാധാന്യം നൽകുന്നവരാണണ് നമ്മളോരോരുത്തരും. മണ്ണിനെയും പ്രകൃതിയെയും നാം അറിയുന്നേയില്ല. മനുഷ്യന് മാത്രമായി ഈ ഭൂമുഖത്ത് നിലനിൽക്കാൻ കഴിയില്ലെന്ന സത്യം വിസ്മരിച്ചു കൂടാ. ഇനിയെങ്കിലും പ്രകൃതിയുടെ നിലനിൽപ്പിനായി കൊച്ചു കൊച്ചു കാര്യങ്ങളെങ്കിലും നമുക്കു ചെയ്യാം. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാം. ഇനിയും ബോധവാന്മാരായില്ലെങ്കിൽ വലിയ വിപത്തുകലായിരിക്കും നമുക്ക് ഏറ്റു വാങ്ങേണ്ടി വരിക. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ സുഗതകുമാരിയും കല്ലേൽ പൊക്കുടനുമൊക്കെ നമുക്ക് മാതൃകയാവട്ടെ. കാത്തു സൂക്ഷിക്കാം നല്ല നാളേക്കായി പുതിയ തലമുറക്കായി നമുക്കീ ഭൂമിയെ.



# അവധിക്കാലം

ഏപ്രിൽ മെയ് മാസങ്ങളിലെ അവധിക്കാലം എന്തൊരു രസമായിരുന്നു. പക്ഷെ ഈ ഏപ്രിൽ മെയ് മാസങ്ങളിലെ അവധിക്കാലം വളരെ ഭയാനകമാണ്. എല്ലാ അവധിക്കാലത്തെയും പോലെ രസകരമായി വീടിനു പുറത്തിറങ്ങി കളിക്കാനും ബന്ധുക്കളുടെ വീട്ടിൽ പോകാനും കഴിയില്ല. പകരം പുറത്തിറങ്ങി കളിക്കാനും യാത്രകൾ ചെയ്യാനും കഴിയാതെ വീടിനുള്ളിൽ തന്നെ ഇരുന്നു കൊണ്ട് ഈ അവധിക്കാലം തീർക്കുന്നു. വീടിനുള്ളിൽ ഇരിക്കണം. അത്യാവശ്യ കാര്യങ്ങൾക്കു മാത്രം പുറത്തു പോകുകയാണെങ്കിൽ നമ്മളെ തിരിച്ചറിയാത്ത വിധം മാസ്ക് ധരിച്ചിട്ടുണ്ടാവും. അല്ലാത്തവർക്ക് പോലീസിന്റെ കഠിനമായ തല്ല് കിട്ടുന്നു. എല്ലാ അവധിക്കാലത്തും അത് തീർക്കുന്നത് മിക്കവരും ബന്ധു വീടുകളിലാണ് പിന്നെ കുറച്ചു പേർ വിനോദ യാത്രകൾ പോയി സമയം ചിലവയിക്കുന്നു. ഞാനാണെങ്കിൽ കുറച്ചു ദിവസം എന്റെ വീട്ടിലും പിന്നീട് ബന്ധു വീടുകളിലും പോകുന്നു. അവിടെ പോയ് എല്ലാ കുട്ടികളും ഒരുമിച്ചു കളിക്കും. എല്ലാവരുടെയും അവധികാലവും ഏകദേശം ഇങ്ങനെ തന്നെ ആയിരിക്കും. അവധിക്കാലത്ത് അമ്മയുടെ വീടുകളിൽ പോകുകയും എല്ലാവരുമൊത്ത് കളിക്കുകയും മാവിൽ കയറുകയും മാങ്ങാ തിന്നുകയും മാവിൽ നിന്ന് വീണിട്ട് ചീത്ത കേൾക്കുകയും ചെയ്യുന്നു. അവിടുത്തെ വയലുകളും കുളങ്ങളും പുഴകളും കൂട്ടുകാരുമൊത്ത് നോക്കി നില്കും. മീൻ പിടിക്കും. പച്ചപ്പും നിറഞ്ഞ വയൽ വരമ്പുകളിലൂടെ വരി വരിയായി നടക്കും. എല്ലാ വികൃതികളും കഴിഞ്ഞ് എല്ലാവരും വീട്ടിലേക് പോകും. സന്ധ്യ ആകുമ്പോയേക്ക് കുളിച് മുത്തശ്ശിയുടെ കഥകൾ കേൾക്കാൻ ഉമ്മറ കോലായിൽ നിര നിരയായി ഇരിക്കും. കഥകൾ കേൾക്കും. പേടിയുള്ളതും ചിരിപ്പിക്കുന്നതും ഉണ്ടാകും. പിന്നീട് ഉറങ്ങും ഇതിങ്ങനെ തുടരും. എന്നാൽ ഇപ്പോൾ നമുക്ക് ഇതൊന്നും ചെയ്യാൻ കഴിയില്ല. ഇതൊക്കെ ഈ പ്രാവശ്യം സ്വപ്നത്തിൽ മാത്രം ഒതുങ്ങി. ഈ അവധി ക്കാലത്തെ 'അവധിക്കാലം' എന്നു പറയുന്നതിനേകാൾ കൊറോണക്കാലമായാണ് കരുതപ്പെടുന്നത്. ചിലർ ഇപ്പോൾ സമയം കളയാൻ പച്ചക്കറി കൃഷി നടത്തുന്നു. പച്ചക്കറി നോക്കാൻ സമയമില്ലാത്തവരാണ് മനുഷ്യൻ. ഒരിക്കൽ മനുഷ്യൻ സമയമില്ലാതെ കഷ്ട്ടപെട്ടു. ഇപ്പോൾ മനുഷ്യൻ സമയം ചിലവയിക്കാൻ കഷ്ട്ടപെടുന്നു. നമ്മുടെ എല്ലാ അവധിക്കാല സ്വപ്നവും കൊറോണ കവർന്നെടുത്തു. ആ സ്വപ്നങ്ങൾ പൂർത്തീകരിക്കാൻ നമുക്കൊരുമിച്ചു മുന്നേറാം. കോവിഡിനെ തുരത്താൻ.



# ഒരു കുടയും കുഞ്ഞു പെങ്ങളും

# പുനർവായന

മലയാള സാഹിത്യത്തിൽ എന്നും തിളങ്ങി നിൽക്കുന്ന മുട്ടത്തുവർക്കിയുടെ രചനയാണ് ഒരു കുടയും കുഞ്ഞുപെങ്ങളും എന്ന കഥ. ലളിതവും സുന്ദരവുമായ ആഖ്യാനരീതി കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിക്കുന്നതാണ്.

പള്ളിക്കൂടത്തിൽ പോകുമ്പോൾ തന്റെ കൊച്ചു പെങ്ങളെ കുടയിൽ കയറ്റാതിരുന്ന പൂമംഗലം ബംഗ്ലാവിലെ ഗ്രേസിയെ കല്ലെറിഞ്ഞത് കാരണം നാട്ടുവിടുന്ന ബേബിയും, ലില്ലിയും മാതാപിതാക്കൾ ഇല്ലാതിരുന്ന കാരണത്താൽ അമ്മയുടെ ചേട്ടത്തിയുടെ വീട്ടിൽ ആയിരുന്നു താമസം. അറുത്ത കൈക്ക് ഉപ്പു തേക്കാത്ത പ്രകൃതക്കാരി ആയിരുന്നു ഇവർ. ജേഷ്ഠൻ നാട്ടുവിടുമ്പോൾ ലില്ലി യോട് താൻ കുട വാങ്ങാൻ പോവുകയാണെന്നും പറഞ്ഞിരുന്നു.വർഷങ്ങളോളം കാത്തിരുന്ന ഫലമുണ്ടായില്ല. പേരമ്മയുടെ ശല്യം സഹിക്കവയ്യാതായപ്പോൾ അവളും വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി അങ്ങനെ അവളെ റോഡരികിൽ വെച്ച് ഒരു ഡോക്ടറും കുടുംബവും കാണുകയും അവർ അവളെ കൊണ്ടുപോയി വളർത്തുകയും ചെയ്തു. നാട്ടുവിട്ട ബേബി കുട വാങ്ങാൻ പണത്തിനായി പല ജോലികളും ചെയ്തു. ഇങ്ങനെ പല ജോലികൾ ചെയ്ത് കിട്ടിയ പണം തെരുവിലെ തന്റെ കൂട്ടുകാരായ ആരോ മോഷ്ടിക്കുകയും ചെയ്തു. ഈ കാരണത്താൽ അവൻ മനംനൊന്ത് ഒരു ചായക്കടയിൽ ജോലിക്ക് നിന്നു. അവിടുന്ന് ഒരുപാട് ദുരനുഭവങ്ങൾ അവന് ഉണ്ടായി. ലില്ലിയുടെ വളർത്തച്ഛൻ ആയ ഡോക്ടർ ലില്ലിയുടെ നിർദ്ദേശപ്രകാരം അന്വേഷണം നടത്തുകയും ഒരുപാട് കാലങ്ങൾക്കുശേഷം അവനെ കണ്ടെത്തുകയും ചെയ്തു.

# പരിസ്ഥിതിമലിനീകരണവും ശുചിത്വവും

വർത്തമാന കാല മനുഷ്യൻ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പരിസ്ഥിതി മലിനീകരണവുമായും പരിസ്ഥിതി ശുചിത്വവുമായും ബന്ധപ്പെട്ടതാണ്. പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗവും അവ അലക്ഷ്യമായി വലിച്ചെറിയുന്നതും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് വളരെയേറെ ദോഷകരമായി തീർന്നു. ഇത് കാലാവസ്ഥയ്ക്ക് വരെ മാറ്റമുണ്ടാക്കുന്നു. വാഹനങ്ങളുടെ ഉപയോഗവും പരിസ്ഥിതി മലിനീകരണത്തിന് മറ്റൊരു കാരണമാണ്. വാഹനത്തിൽനിന്നും വരുന്ന പുകയിലുള്ള കാർബൺ മോണോക്സൈഡ് പ്രകൃതിയ്ക്ക് വളരെയേറെ ദോഷകരമാണ്.
പരfസര ശുചിത്വവും വ്യക്തി ശുചിത്വവും നമ്മൾ വളരെയേറെ ഗൗരവത്തിലെടുക്കേണ്ട രണ്ടു കാര്യങ്ങളാണ്. വീടും പരിസരവും നാം വൃത്തിയായി സൂക്ഷിക്കണം. ശുചിത്വത്തിന്റെ കാര്യം പറയുമ്പോൾ നമ്മൾ ഇപ്പോൾ നേരിടുന്ന മഹാമാരിയായ കൊറോണ വൈറസ് പരത്തുന്ന കോവിഡ് 19 എന്നരോഗത്തെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. വ്യക്തി ശുചിത്വം ഏറെ രീതിയിൽ പ്രധാനമായ ഈ രോഗത്തെ മറികടക്കാൻ, നമ്മുടെ ശരീരത്തിലേക്ക് വൈറസ് പ്രവേശിക്കാതിരിക്കാൻ പല ,ഇടങ്ങളിലായി സ്പർശിക്കുന്ന നമ്മുടെ കൈകൾ ഇടയ്ക്കിടെ കഴുകുകയോ സാനിറ്റൈസർ ഉപയോഗിക്കുകയോ ചെയ്യേണ്ടതാണ്. ലക്ഷക്കണക്കിന് ജനങ്ങളാണ് ഓരോ രാജ്യത്തും മരിക്കുന്നത്. നമ്മുടെ രാജ്യത്ത് വ്യക്തികൾ തമ്മിലുള്ള സമ്പർക്കം കുറയ്ക്കാൻ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാൽ രോഗവ്യാപനത്തിന്റെ അളവ് കുറഞ്ഞിരിക്കുന്നു. ജനങ്ങളിൽ നിന്ന് ജനങ്ങളിലേക്ക് രോഗം പടരുന്നതിന്റെ വളർച്ച നിയന്ത്രിക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. വാഹനങ്ങൾ കുറഞ്ഞത് അന്തരീക്ഷമലിനീകരണത്തിന്റെ തോത് വളരെയേറെ കുറച്ചതും ശ്രദ്ധേയമാണ്. കോവിഡ്,ഡെങ്കിപ്പനി, നിപ്പ, ചിക്കൻ ഗുനിയ തുടങ്ങിയ രോഗങ്ങളെല്ലാം തന്നെ ഇല്ലാതാവാൻ നമ്മൾ പരിസര ശുചിത്വവും വ്യക്തി ശുചിത്വവും നിർബന്ധമായും പാലിക്കേണ്ടതുണ്ട്. നമ്മുടെ പരിസരങ്ങളിൽ വെള്ളം കെട്ടിനിന്ന് രോഗാണുക്കൾ പെറ്റുപെരുകുന്നതിന് സാധ്യത നൽകുന്നതും അലക്ഷ്യമായി വലിച്ചെറിയപ്പെടുന്നതുമായ ചിരട്ടകൾ, പൊട്ടിയ പാത്രങ്ങൾ,റബ്ബർ ടയറുകൾ, കളിപ്പാട്ടങ്ങൾ എന്നിവയെല്ലാം നശിപ്പിക്കുകയോ വെള്ളം കെട്ടിനിൽക്കാൻ അവസരമില്ലാത്ത രീതിയിൽ മാറ്റുകയോ വേണം. ഇവയിലാണ് കൊതുകുകൾ സാധാരണയായി പെറ്റുപെരുകുന്നത്. നമ്മുടെ ആരോഗ്യം സംരക്ഷിക്കേണ്ടത് നാം തന്നെയാണ്. കീടനാശിനി തളിച്ചുണ്ടാക്കുന്ന പച്ചക്കറികളും പഴങ്ങളുമാണ് ഇപ്പോൾ നമുക്ക് ലഭിക്കുന്നത്. അതിനാൽ ഇവ നമുക്ക് കഴിയുന്നതു പോലെ വീട്ടിൽ തന്നെ ഉണ്ടാക്കണം. വിപണിയിലെത്തുന്ന മത്സ്യങ്ങളിൽ ശവം കേടാവാതിരിക്കാൻ ഉപയോഗിക്കുന്ന ഫോർമാലിൻ,അമോണിയ എന്നിവ കലർത്തിയാണ് നമ്മുടെ മുന്നിലെത്തുന്നത്.അവിടെയും നാം ജാഗ്രത പുലർത്തേണ്ടതുണ്ട്.
നമ്മുടെ തിരിച്ചറിവും ജാഗ്രതയുമാണ് ഏത്പ്രതിസന്ധികളെയും മറികടക്കുവാനുള്ള പ്രധാന മാർഗം.ഈ ഒരു ഘടകം എന്തിലും ദർശിച്ചാൽ നമുക്ക് എന്തിനെയും അതിജീവിക്കാൻ കഴിയും

# ശുചിത്വം

കൈ കഴുകിടാം
അമ്മേ ഞാനെൻ
ശരീര ശുചിത്വത്തിനായ്
നമ്മൾ പങ്കിടാം
നാമേവരും ശുചിത്വമോടെ
ഇന്നറിവിൻ
അക്ഷര കൂട്ടിൽ നിന്നും
ശുചിത്വമേറെ പഠിച്ചിടാം
വൃത്തിയായ ചുറ്റുപാടും
നമ്മൾ വൃത്തിയോടെ കാത്തിടാം
നമ്മൾ ചെയ്ത നന്മകളെ
ശുചിത്വമോടെ പങ്കിടാം
പഠിക്കുവിൻ പഠിക്കുവിൻ
കൂട്ടുകാരെ നമ്മൾ
ശുചിത്വമെന്ന വാക്കിലും
ശുചിത്വമായ പ്രവർത്തിയും



# വനദേവത

ഒരു വീട്ടിൽ രണ്ട് സഹോദരിമാർ താമസിക്കുകയായിരുന്നു . ഒരു ദിവസം അവർ കാട്ടി ലൂടെ നടന്നു പോവുകയായിരുന്നു അവർ നടന്ന് നടന്ന് ക്ഷീണിച്ചതിനാൽ ഒരു മരച്ചുവട്ടിൽ ഇരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അവർ എഴുന്നേറ്റ് പുറപ്പെട്ടു . നടക്കും വഴിയിൽ ഒരു മരച്ചുവട്ടിൽ നിന്ന് ഒരു തിളക്കം അവർ കണ്ടു അത് എടുക്കാൻ വേണ്ടി മരച്ചുവട്ടിൻ അരികിൽ ചേന്നു നോക്കി യപോൽ അവർ കണ്ട ഒരു സ്വർണ്ണ നിറമുള്ള ഒരു ചെറിയ വടിയായിരുന്നു .അതിൽ നിന്ന് ഒരു വനദേവദ പുറത്തു വന്നു .ആ ദേവത മുന്നിൽ വന്നു പറഞ്ഞു നിങ്ങളുടെ പേര് എന്ത് . അവർ പറഞ്ഞു റിയ ഇവളുടെ പേര് ലിയ ആ ദേവത പറഞ്ഞു ഞാൻ ഒരു സ്വർണ്ണനിറമുള്ള വടി തരാം അത് നിങ്ങൾ എന്ത് വിചാരിച്ചലും സാധിക്കും ആ സ്വർണ്ണവടി എടുത്ത് വീട്ടിലേക്ക് നടക്കുമ്പോൾ ഒരു സിംഹം അവരുടെ മുന്നിൽ ചാടി വന്നു അവർ രണ്ടു പേരും പേടിച്ച് വിറച്ചു ഓടാൻ തുടങ്ങി അവരുടെ കൈയിൽ സ്വർണ്ണ നിറമുള്ള വടികൊണ്ട് അവർ ദേവത യേ വിളിച്ചു. അവർ പറഞ്ഞു ഈ സിംഹത്തിൻ മുൻപിൽ നിന്ന് രക്ഷിക്കണം. ദേവത പറഞ്ഞു ആ വടികൊണ്ട് സിംഹത്തിൻ മുന്നിൽ കൊണ്ട് വെച്ചാൽ മതി അവർ അതു പോലെ ചെയ് തു സിംഹം ആ വടി കണ്ട് തിരികെ കാട്ടിലേക്ക് ഓടി പോയി. അവർ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങിപ്പോയി....

# അങ്ങനെയും ഒരു അവധിക്കാലം.

അവധികാലം അടുത്താൽ പാറു അമ്മയുടെ മനസ്സിൽ സന്ദോഷത്തിന്ടെ വസന്തമാണ്. മകളും പേരമക്കളും ഒത്തു കഴിയാവുന്ന സുദിനങ്ങളെ കുറിച്ച് ഓർത്തുള്ള ആഹ്ലാദം. പാറു അമ്മയുടെ നവതി ആഘോഷത്തിന്റെ ഒത്തു കൂടലിനായുള്ള  ഒരു കാത്തിരിപ്പു കൂടിയാണ് ഈ അവധി കാലം. ആഹ്ലാദം ആഴകടലിലെ തിര പോലെ അല അടിക്കുമ്പോഴും തിരയിൽ പെട്ട പാഴ് വസ്തുക്കൾ  പോലെ അവിടെ ഇവിടെ വിഷമത്തിന്റെ  അംശവും  പാറു അമ്മയിൽ ഉണ്ട്. 'തന്ടെ രീതി ഒന്നും കുട്ട്യേൾക്ക് പിടിക്കുല. അവർ ഇവിടെ വന്നാൽ പറയ എന്താ...... ഒരു ഇംഗലീസ് വാക്കാ.അതൊന്നും ഇന്ക്  ഇട്ട് തിരിയൂല്ല. ന്നാലും മക്കളേം പേര മക്കളേം ഒന്നു കാണാലോ '-കഴിഞ്ഞു പോയ അവധി കാലം പാറു അമ്മ ഓർത്തു എടുക്കാൻ ശ്രമിക്കുക ആണ്.

ഏക മകൾക്ക് ഒപ്പം തനത് കേരള മലയോര ഗ്രാമത്തിന്റെ  സവിശേഷതകൾ ഒന്നും കൈവിടാത്ത ഒരു നാട്ടിലാണ് പഴമകൾക്ക് കൂട്ടായി പാറു അമ്മ താമസിക്കുന്നത്. പാറു അമ്മയുടെ നാല് ആണ്മക്കളും നാലു രാജ്യങ്ങളിൽ ആണ് താമസം. 'മൂത്ത മോൻ സധാനന്തൻ എന്നെ നിത്യവും വിളിക്കും അവന്റെ അടുക്കലേക്ക്.പക്ഷേ എനിക്ക് അതൊന്നും ശരിയാവില്ല. രാവിലെ ആയാൽ പശുക്കളുടെ കരച്ചിൽ കേട്ടില്ലേ ലും എന്റെ തോട്ടത്തിലെ വിളകളെ ശുശ്രൂഷിച്ച് ഇല്ലേലും ഒരു സമാധാനം ഉണ്ടാവില്ല. രണ്ടാമത്ത മകന ഇവിടെ വരുന്ന ഒന്നും ഇഷ്ടമല്ല മുറ്റത്ത് ചാണകം തളിച്ച് കണ്ടാൽ അവന്റെ മുഖം ഉണ്ടാവും ദേഷ്യത്തിൽ. അതിനാൽ ഇംഗ്ലീസിൽ എന്തൊക്കെയോ പറയുന്നത് കേൾക്കാം. മൂന്നാമത്തെ പ്രശ്നം ഇംഗ്ലീഷ് അറിയാത്ത പിന്നെ കാച്ചിയമൂന്നാമത്തെ പ്രശ്നം ഇംഗ്ലീഷ് അറിയാത്തതാണ് പിന്നെ കാച്ചിയ എണ്ണയുടെ മണം അസഹനീയമാണ് അത്രേ. എന്ത് പറയാനാ ഞാൻ ഈ കുട്ടികളോട് ഒക്കെ. നാലാമത്തെ ഒരു കൈക്കുഞ്ഞ് അതുകൊണ്ട് അവർക്ക് മുത്തശ്ശിയുടെ കാച്ചിയ എണ്ണയുടെ മണം ചാണകം തളിച്ചതും ഇംഗ്ലീഷറിയാത്തതും ഒരു പ്രശ്നവുമില്ല. പക്ഷേ എന്റെ ഭാര്യ പറയും ഞാൻ എടുത്താൽ കുഞ്ഞിന് അസുഖം പിടിക്കുമെന്ന്''

കറുത്തിരുണ്ട ആകാശത്തിലെ മഴപോലെ കണ്ണീര് ചെറുതായി പൊടിഞ്ഞു എങ്കിലും ആത്മനിയന്ത്രണം പാലിച്ച് പാറു അമ്മ. എന്നാലും ആ മുഖത്ത് വരുന്ന അവധി കാലത്തെ കുറിച്ചുള്ള പ്രതീക്ഷകൾ ആണ്. 'എന്തൊക്കെയായാലും എന്റെ മക്കളും മരുമക്കളും പേരമക്കളും അല്ലേ' എന്ന് പറഞ്ഞ് ആശ്വസിച്ചു കണ്ണീർ തുടച്ചു.

'അമ്മ ഇവിടെ ഇരിക്കുകയാണോ' മകൾ ഷീബ ചോദിച്ചു. കണ്ണീരൊഴുക്കി പാറുവമ്മ ഷീബയെ നോക്കി 'അമ്മ അറിഞ്ഞില്ലേ ഏട്ടൻ മാറി അവധിക്കാലത്ത് വരുന്നില്ലെന്ന്'' നടുങ്ങിയ പാറുവമ്മ ഞെട്ടലോടെ ചോദിച്ചു 'എന്താ ഇങ്ങനെ ഒരു തീരുമാനം'. 'അമ്മ അറിഞ്ഞില്ലേ പുറംനാട്ടിൽ ഒക്കെ ഒരു രോഗം പിടിപെടുന്നു പോലെ



എന്താ അതിന്റെ പേര്' അൽപം ആലോചിച്ചശേഷം 'ആ....... സിക വൈറസ് രോഗം'. 'സികെ ഓ അതെന്താ സാധനം? ' അമ്മ ചോദിച്ചു. 'എന്താ ഒന്നും അറിയില്ല നമ്മളെ നാട്ടിൽ ഉണ്ട് പക്ഷെ കൂടുതലും പുറം നാട്ടിലാ അതുകൊണ്ട് വരാനും പോകാനും ഒന്നുല്ല' ഷീബ അത് പറഞ്ഞു അകത്തേക്ക് പോയി.

വർണാഭമായി അലങ്കരിച്ച ഒരു സ്പടിക ഭരണി കയ്യിൽ നിന്ന് പൊട്ടുന്ന പോലെ പാറു അമ്മയ്ക്ക് തോന്നി.അങ്ങനെ നിരവധി ദിവസം വന്നു. സ്വപ്നങ്ങൾ ഒരുപാട് കണ്ട ദിവസം പക്ഷേ പുതുമകളൊന്നും ഇല്ലായിരുന്നു. 'അമ്മൂമ്മേ അമ്മൂമ്മേ' 'ആ ഉണ്ണി ആണെന്നാ തോന്നുന്നു 'പാറുവമ്മ മനസ്സിൽ വന്ന പോലെ പറഞ്ഞു. 'മാമൻ മാരെല്ലാം അമ്മൂമ്മയെ കാണാൻ വിളിക്കുന്നു'– ഉണ്ണി പറഞ്ഞു.' എന്താ ഉണ്ണി നീ പറയുന്നത് മാമൻ മാരെ കാണാൻ വിളിച്ചു എന്നോ? ' പാറുവമ്മ ചോദിച്ചു. ആ അമ്മൂമ്മയെ ഫോണിലൂടെ കാണാം. എന്റെ കൂടെ വാ ഉണ്ണി അമ്മൂമ്മയെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഫോണിലെ വീഡിയോ കോൺഫറൻസിലൂടെ പാറ അമ്മ മക്കളെ കണ്ടു.

സദാനന്ദൻ: അമ്മേ സുഖല്ലേ?
പാറുവമ്മ: സുഖം മോനെ നിനക്കോ?
സദാനന്ദൻ: ഇവിടെ പുറത്തിറങ്ങാൻ വയ്യ ഞങ്ങളെ ഫ്ലാറ്റിലെ കുറച്ചുപേർക്ക് സിക്കാ വൈറസ് ഉണ്ട്. രണ്ടാമത്തെ മകൻ: അതെ അമ്മയെ ഇവിടെയും കഷ്ടത്തിലാണ്. ഒരു ദിവസം പതിനായിരത്തിലേറെ ആള്ക്കാര് മരിക്കുന്നത്. മൂന്നാമത്തെ മകൻ: റൂമിൽ നിന്ന് വെളിയിലേക്ക് ഇറങ്ങിയിട്ട് ആഴ്ചകളായി. ഇവിടെ രോഗത്തെ നിയന്ത്രിക്കാൻ പറ്റുന്നില്ല. നാലാമത്തെ മകൻ: എങ്ങനെയെങ്കിലും ഒന്ന് നാട്ടിലെത്തിയാൽ മതിയായിരുന്നു. ദിവസവും മരണത്തെ പേടിച്ച് കിടപ്പ്. അവിടെ എങ്ങനെയുണ്ട് അമ്മേ? പാറു അമ്മ: ഇവിടെ കാര്യം വഷൾ ഒന്നുമല്ല ഒന്നുമല്ല. വിരലിലെണ്ണാവുന്ന വർക്ക് അസുഖങ്ങൾ പടർന്നിട്ടുണ്ട് ഉള്ളൂ.

ഇതു കേട്ടപ്പോൾ നാലു മക്കളുടേയും മനസ്സിൽ സ്പഷ്ടമായ ഒരേ വിചാരം ആയിരുന്നു. 'നാട്ടിൽ എത്തണം എങ്ങനെയെങ്കിലും'. അപ്പോഴും പാറു അമ്മയുടെ പശുവും തോട്ടവും മുറ്റത്ത് തളിച്ച് ചാണകവും കാച്ചിയ എണ്ണയുടെ മണവും അവിടെത്തന്നെയുണ്ട് യാതൊന്നും സംഭവിക്കാതെ.

# കുട്ടന്റെ...
# ക്യാറന്റൈൻ
# കാലം

നീർച്ചാലുകൾ മലിനമായ
നിലയിലായിരുന്നു.കിണറുകളും കുളങ്ങളും വറ്റിവരണ്ടു
തുടങ്ങി.തൊണ്ട അതിലേറെ വറ്റി വരണ്ടു. കുട്ടൻ
ഉമ്മറത്തിണ്ണയിലിരുന്ന് ചുറ്റുപാടും ഒന്ന് നോക്കി.കുട്ടന്റെ
കുഞ്ഞുനാളിൽ നീർച്ചാലുകളിലും തോടുകളിലുമൊക്കെ
നിറയെ വെള്ളവും മീനുകളുടെ ഒരു കൂട്ടം തന്നെ
ഉണ്ടായിരുന്നു. അന്ന് ഭൂമിയുടെ ജീവരക്തമായി
കണ്ടിരുന്ന നീർച്ചാലുകൾ കാണുമ്പോൾ ഇന്ന് കുട്ടന്
തോന്നാറ് അത് ഭൂമിയുടെ
ചുടുകണ്ണുനീരാണെന്നാണ്.ആ സമയം കുട്ടൻ തന്റെ
നഗരജീവിതം ഓർത്തു.അവിടുത്തെ ഫാക്ടറികളും
ഗതാഗതവുമൊക്കെ കണ്ട് കുട്ടൻ വളരെ
സന്തുഷ്ടവാനായിരുന്നു. ഒരു ബുദ്ധിമുട്ടുമില്ലാതെ തനിക്ക്
ഇവിടെ ജീവിക്കാൻ കഴിയുമെന്ന അഹങ്കാരവും
കുട്ടനിൽ വളർന്നു തുടങ്ങി.അവിടെ ബിസിനസ്
നടത്തുകയും തന്റെ അഹങ്കാരം പണത്തിനോടുള്ള
ആർത്തി മൂലം പരിസ്ഥിതിയെ വലിയതോതിൽ ചൂഷണം
ചെയ്യുകയും ഗ്രാമങ്ങളിൽ പോയി മരങ്ങൾ വെട്ടി
നശിപ്പിക്കുകയും നഗരങ്ങളിൽ ഫാക്ടറിനിർമ്മിച്ച്
ഫാക്ടറിയിലെ മാലിന്യങ്ങൾ ഗ്രാമങ്ങളിലൂടെ ഒഴുകുന്ന
നീർച്ചാലുകളിൽ ഒഴുക്കി വിടുകയും ചെയ്തു. ഇത് കുട്ടൻ
തുടർന്നുകൊണ്ടേയിരുന്നു.
നഗരത്തിൽ ജീവിച്ച് ഗതാഗത മലിനീകരണവും
ഫാസ്റ്റ്ഫുഡ് ഉപയോഗവും മൂലം നഗരങ്ങളിൽ പല
രോഗങ്ങൾ വളർന്നു തുടങ്ങി.തുടർച്ചയായി രണ്ടുവർഷം
ഓണം ക്രിസ്തുമസ് എന്നിവ പോലെ തന്നെ പ്രളയവും
വിരുന്നുവന്നു.കുട്ടൻ ഈ രണ്ട് വർഷവും നന്നായി
കഷ്ടപ്പെട്ടു.എന്നിട്ടും തന്റെ പണത്തിനോടുള്ള ഭ്രാന്ത്
മാറിയിരുന്നില്ല.അവൻ പണ്ട് വളർന്ന ഗ്രാമത്തെ
മറന്ന് തുടങ്ങി.എന്തിന് സ്വന്തം അച്ഛനെയും
അമ്മയെയും പോലും മറന്നു.അങ്ങനെ തന്റെ നാട്ടിലെ
ചെറിയ ചെറിയ ബിസിനസ്സിലൂടെ കുട്ടൻ വളർന്നു
തുടങ്ങി.അന്ന് പണത്തോടുള്ള അത്യാഗ്രഹം മൂലം തന്റെ
പ്രകൃതിരമണീയമായ നാടിനെ കുട്ടൻ
മറന്നു.മരങ്ങളെല്ലാം പിഴുതെറിഞ്ഞ് തരിശു
നിലങ്ങളാക്കി.



തന്റെ ബിസിനസ്സ് സാമ്രാജ്യം വളർന്നതോടെ കുട്ടൻ തന്റെ അമേരിക്ക എന്ന സ്വപ്ന രാജ്യത്ത് എത്തിച്ചേർന്നു.അച്ഛനും അമ്മയും നാട്ടിൽ നിന്ന് വല്ലപ്പോഴും വിളിക്കുമ്പോൾ സമയമില്ല ,തിരക്കാണ് എന്നൊക്കെ പറഞ്ഞ് കൊണ്ട് ഒഴിഞ്ഞ് മാറിയിരുന്നു. ഇന്ന് കുട്ടൻ നാട്ടിലാണ്.സ്വന്തം വീട്ടിൽ പുറത്ത് എവിടെയും ഇറങ്ങാതെ നിരീക്ഷണത്തിൽ. ഈ സമയം കുട്ടൻ പരിസ്ഥിതിയോടും തന്റെ മാതാപിതാക്കളോടും ചെയ്ത ഓരോ ക്രൂരതയും ഓർത്ത് വിങ്ങിപ്പൊട്ടി. എന്തിനാണ് ഈ പണമൊക്കെ? ആവശ്യത്തിൽ കൂടുതൽ ഞാൻ ഉണ്ടാക്കി കഴിഞ്ഞു.കുറച്ച് ദിവസം ഞാൻ അമേരിക്കയിൽ ആയിരുന്നെങ്കിൽ ആ ലക്ഷക്കണക്കിന് ആളുകൾക്കിടയിൽ ഞാനും മരിച്ചേനെ.ഞാൻ അമേരിക്കയിലായിരുന്നപ്പോൾ എന്നെ വിളിക്കുമ്പോൾ സമയമില്ല എന്ന് പറഞ്ഞു ഒഴിവാക്കിയിരുന്ന അച്ഛനും അമ്മയുമാണ് ഇന്നെന്റെ മുഖത്ത് നോക്കി മുഖം ചുളിക്കാതിരിക്കുന്നത്.കുട്ടന്റെ ചിന്തകളെ ഉണർത്തിക്കൊണ്ട് ഒരിളം കാറ്റ് അവനെ തഴകി കടന്നുപോയി.
രാജ്യത്ത് ലോക്കഡൗൺ നീട്ടിയിരിക്കുന്നു...കുട്ടന്റെ ചിന്തകൾക്ക് വിരാമമിട്ടുകൊണ്ട് അവനിൽ പുതിയൊരാത്മ വിശ്വാസം ഉടലെടുക്കുകയായിരുന്നു.ഇനിയെങ്കിലും പ്രകൃതിക്കായി മനുഷ്യ നന്മക്കായ് ഒരു നല്ല നാളേക്കായ് ഒരു നല്ല മനുഷ്യനായ് എനിക്ക് ജീവിക്കണം. പുലിയായി വന്ന കൊറോണ വൈറസ്സിനെ പോലും എതിർത്ത് തോൽപ്പിക്കാമെന്ന ശുഭാപ്തി വിശ്വാസത്തോടെ ഒരു നല്ല നാളേക്കായ് കുട്ടൻ കാത്തിരുന്നു.



# മരണക്കെണി

അരുത്. ലഹരികൾ
തിന്മയാണ്,
നന്മയോട് പൊരുതി
കൊണ്ടേയിരിക്കും.
അരുത് ലഹരികൾ.
ആപത്ത്. ഭ്രാന്ത് പിടിച്ച പേമാരി.
മരണമാണ്. അടഞ്ഞ കാഴ്ചയാണ്
ബാക്കി.
ദുഃഖം മറക്കാനെന്ന ഭാവം
ഒപ്പം മരിക്കാൻ കൂട്ടു വരില്ല.

അരുത് ലഹരികൾ...
ചുറ്റുമുള്ളർ മദ്യത്തിൽ ലയിച്ച്
ലയിച്ച്
മരണത്തിലേക്ക് ഉറങ്ങുന്നു.

പ്രണയം
കണ്ണിൽ പടരുന്ന,
ഇരുട്ടിൽ മാത്രമെന്ന് നിനച്ച്
ചിരിച്ചും കരഞ്ഞും ഒട്ടു തളർന്നും
മയങ്ങുന്നവർ.

അരുത് ലഹരികൾ
നിറഞ്ഞചിരികൾ പൂക്കട്ടെ
വിടർന്ന ചിന്തകൾ പരക്കട്ടെ
അരുത് ലഹരികൾ.

2024 വർഷത്തെ
പാലോറയുടെ
ലിറ്റിൽകൈറ്റ് ഡിജിറ്റൽ
മാഗസിനൊരുക്കുന്നതിന്
ചേർന്നു നിന്ന
എല്ലാ സമനസ്സുകളോടുമുള്ള

# നന്ദി

മനസ്സിൽ
സൂക്ഷിക്കുന്നു

